എയ്ഡഡ് സ്കൂൾ നിയമനങ്ങളിൽ സംവരണം പാലിക്കാൻ നടപടി

131 [3311] ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഹൈസ്കൂളുകളുണ്ടെന്നും അവയിലെ ഒരു മാസത്തെ ശമ്പളവും മറ്റ് എല്ലാ ചെലവുകളും കൂടി എത്ര തുക വരുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി പ്രതിവർഷം എത്ര രൂപ ചെലവു വരുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും ജാതി തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എയ്ഡഡ് ഹൈസ്കൂളുകളിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൊടുക്കാനായി പ്രതിവർഷം എത്ര രൂപ ചെലവാക്കുമെന്നും വ്യക്തമാക്കാമോ;

(ഇ) ഈ ഹൈസ്കൂളുകളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിൽ ഓരോ ജാതിയിലുംപെട്ട എത്ര പേർ വീതം ഉണ്ടെന്നും ഇവിടെ സംവരണതത്വം പാലിക്കപ്പെട്ടിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(എഫ്) സർക്കാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്ന എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനങ്ങളിൽ സംവരണം പൂർണ്ണമായും പാലിക്കപ്പെടുന്നെന്ന് ഉറപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-2004 വർഷത്തെ താൽക്കാലിക കണക്ക് പ്രകാരം 982 സർക്കാർ ഹൈസ്ക്കൂളുകളിലെ ഒരു മാസത്ത ശമ്പളത്തിനും മറ്റ് അലവൻസുകൾക്കും കൂടി ഏകദേശം 26.36 കോടി രൂപ ചെലവു വരുന്നുണ്ട്.

(ബി) ഏകദേശം 316.32 കോടി രൂപ ചെലവ് വരും.

(സി) ജാതി തിരിച്ചുള്ള കണക്ക് നിലവിൽ ലഭ്യമല്ല.

(ഡി) ഏകദേശം 454.47 കോടി രൂപ ചെലവു വരുന്നുണ്ട്.

(ഇ) ജാതി തിരിച്ചുള്ള കണക്ക് നിലവിൽ ലഭ്യമല്ല.

(എഫ്) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly